# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ഡിസംബർ 4, ചൊവ്വ

**നമ്പർ 144**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി ചട്ടവിരുദ്ധമായി തന്റെ ബന്ധുവിന് ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനത്തിൽ നിയമനം നൽകിയതുവഴി സംജാതമായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ.കെ.മുരളീധരനും മറ്റു മൂന്ന് അംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെയും ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

[ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിൽപ്പെട്ട അംഗങ്ങൾ സഭയുടെ നടുത്തളത്തിൽ ഇറങ്ങി മുദ്രാവാക്യം വിളിക്കുകയും സഭാ നടപടികൾ തടസ്സപ്പെടുത്താൻ ശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്തു.]

KNPP. 1674/2018(i).

<u>ശ്രദ്ധ ക്ഷണിക്കൽ:</u>

(1) ദേശീയ ഭക്ഷ്യസുരക്ഷാനിയമം നടപ്പാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ അരി, മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ച നടപടി പിൻവലിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സജി ചെറിയാൻ ഭക്ഷ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

[വാക്കൗട്ടിനുശേഷം തിരികെ എത്തിയ പ്രതിപക്ഷനേതാവ് പ്രതിപക്ഷാംഗങ്ങൾ തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിക്കുന്നതായി അറിയിച്ചു]

(2) കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരിൽ അർഹരായവർക്ക് ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ചിറ്റയം ഗോപകുമാർ തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | ശ്രീ. സി. കെ. ശശീന്ദ്രൻ | വയനാട് ജില്ലയ്ക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. സി. ജോർജ് | എരുമേലിയിൽ വിമാനത്താവളം നിർമ്മിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. ജെ. മാക്സി | കുമ്പളങ്ങിയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. കെ. ദാസൻ | ചെറിയ പ്രവൃത്തികൾ അനുവദിക്കുന്നതിന് താഴെതട്ടിലെ ഓഫീസുകൾക്ക് അനുമതി നൽകുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീമതി വീണാ ജോർജ്ജ് | ആറന്മുളയിൽ അച്ചൻകോവിലാറിന്റെ തീരത്ത് സംരക്ഷണ ഭിത്തി കെട്ടുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. വി. വിജയദാസ് | നെല്ല് സംഭരണത്തിലെ അപാകതകൾ പരിഹരിക്കുന്നത് | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |

ഉന്നയിക്കപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു:

(1) 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്.

(2) 2018-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്.

(3) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ എഴുപത്തിമൂന്ന് മുതൽ എൺപത് വരെയുള്ള റിപ്പോർട്ടുകൾ.

(4) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്.

ധനകാര്യം:

2018-19 സാമ്പത്തികവർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

നിയമനിർമ്മാണ കാര്യം:

(1) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. ബിൽ സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു. ഓർഡിനൻസ് നിരാകരണ പ്രമേയം അവതരിപ്പിച്ചില്ല. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. വി. കെ. സി. മമ്മത് കോയ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. ജോയി അവതരിപ്പിച്ചു. തുടർന്ന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഭേദഗതികൾ തള്ളി. പ്രമേയം പാസ്സാക്കുകയും ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(2) ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവക്കുകയും ചെയ്തു. ബിൽ സബ്ജക്ട് കമ്മറ്റി VIII-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. ഓർഡിനൻസ് നിരാകരണ പ്രമേയം അവതരിപ്പിച്ചില്ല. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എസ്. രാജേന്ദ്രൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ചു. തുടർന്ന് ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും പ്രമേയം പാസ്സാക്കുകയും ബിൽ സാമ്പത്തികകാര്യം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

2018 ഡിസംബർ 5-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 1.31-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Thirteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, December 4, 2018*

**No. 144**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Adjournment motion:*

After hearing the Minister for Higher Education, Minority Welfare, Wakf and Hajj Pilgrimage and Chief Minister the Speaker withheld consent to the moving of an adjournment motion given notice of by Shri K. Muraleedharan and three other Members regarding the serious situation reported to have arisen consequent on the appointment of a kin in violation of rules by the Minister for Higher Education, Welfare of Minorities Wakf and Hajj Pilgrimage in an institution under welfare of Minorities department.

In protest against the attitude of the Government in not discussing the matter, the Members belonging to the Indian National Congress staged a walkout.

[Members belonging to the Indian Union Muslim League trooped in to the well of the house shouting slogans and disrupting the proceedings.]

KNPP. 1674/2018(ii).

*Calling attention:*

1. Shri Saji Cherian called the attention of the Chief Minister to the necessity to exert pressure on the Central Government to withdraw the reduction of rice and kerosene quota of the State on implementation of the National Food Security Act. The Chief Minister made a statement thereto.

   [The Leader of Opposition who returned after the walkout informed that the Members belonging to opposition are boycotting the rest of the days proceedings.]

2. Shri Chittayam Gopakumar called the attention of the Minister for Labour and Excise to the necessity to grant benefits including welfare fund of pension, to eligible members of Kerala Automobile workshop workers welfare fund Scheme. The Minister made a statement thereto.

*Matters raised by under Rule 304:*

The matters raised in the house by Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | ശ്രീ. സി. കെ. ശശീന്ദ്രൻ | വയനാട് ജില്ലയ്ക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. സി. ജോർജ് | എരുമേലിയിൽ വിമാനത്താവളം നിർമ്മിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. ജെ. മാക്സി | കുമ്പളങ്ങിയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. കെ. ദാസൻ | ചെറിയ പ്രവൃത്തികൾ അനുവദിക്കുന്നതിന് താഴെതട്ടിലെ ഓഫീസുകൾക്ക് അനുമതി നൽകുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീമതി വീണാ ജോർജ്ജ് | ആറന്മുളയിൽ അച്ചൻകോവിലാറിന്റെ തീരത്ത് സംരക്ഷണ ഭിത്തി കെട്ടുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. വി. വിജയദാസ് | നെല്ല് സംഭരണത്തിലെ അപാകതകൾ പരിഹരിക്കുന്നത് | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The following reports were presented:

1. The Report of the Subject committee VI on the Calicut University (Alternate Arrangements Temporarily of the Senate and the Syndicate) Bill 2018.

2. The report of the Subject Committee XIV on the Kerala Police (Amendment) Bill 2018.

3. The 73rd to 80th reports of the Public Undertaking Committee.

4. The 3rd report of the Committee on Welfare of the Youth and Youth Affairs.

*Financial Business:*

DR. T. M. Thomas Isaac Minister for Finance and Coir laid on the table the Supplementary Financial Statement in the Budget for the Financial Year, 2018-19.

*Legislative Business:*

1. Shri Kadakampally Surendran, Minister for Co-operation, Tourism and Devaswoms, introduced the Kerala Co-operative Societies (Second Amendment) Bill, 2018. The Minister also laid on the table the Statement under Rule 75(1). The Minister also moved that The Bill be referred to Subject Committee XI. The ordinance disapproval motion was not moved. Shri C. Divakaran moved an amendment to circulate the Bill for eliciting public opinion and Shri V. Joy as authorised by Shri V. K. C. Mammed Koya moved another amendment for referring the Bill to a select committee. After the reply by the Minister the amendments moved were lost. The motion was carried and the Bill was referred to the Subject Committee-II-Land Revenue and Devaswoms.

2. DR. T. M. Thomas Isaac, Minister for Finance and Coir introduced the Kerala State Goods and Services Tax (Amendment) Bill, 2018 and the Minister also laid on the table the Statement under Rule 75(1). The Minister also moved that the Bill be referred to Subject Committee VIII. The ordinance disapproval motion was not moved. Shri V. K. C. Mammed Koya as authorised by Shri S. Rajendran moved an amendment to circulate the Bill for eliciting public opinion and Shri Raju Abraham moved another amendment for referring the Bill to a select committee. After the reply by the Minister the amendments moved were withdrawn by the leave of the House. The motion was carried and the Bill was referred to the Subject Committee VIII—Economic Affairs.

The House adjourned at 1.31 p.m. to meet again at 9.00 a.m. Wednesday, December 5, 2018.

V. K. BABU PRAKASH,

*Secretary.*